## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3627, 17/12/2015-ലെ മറുപടിക്ക്**

## സേവനാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന വിശദമാക്കുമോ ; | : | ട്രഷറികളിൽ നിന്ന് നൽകുന്ന 45 സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ട്രഷറികളിൽ നിന്ന് നൽകുന്ന പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങളും അവ നൽകുന്നതിനുള്ള സമയ പരിധിയും ഉൾപ്പെടെ എല്ലാ വിശദാംശങ്ങളും അടങ്ങിയ ബോർഡുകൾ എല്ലാ ട്രഷറികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ട്രഷറി വകുപ്പിലെ വിവിധ തലത്തിലുള്ള ജീവനക്കാർക്ക് ഘട്ടംഘട്ടമായി IMG മുഖാന്തരം സേവനാവകാശ നിയമം സംബന്ധിച്ചുള്ള ട്രെയിനിംഗ് നൽകി വരികയാണ്. |
| (ബി) | എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | : | നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മികച്ച സേവനം ഇടപാടുകാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ ? | : | നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എല്ലാ ട്രഷറികളിൽ നിന്നും മാസാവലോകന റിപ്പോർട്ട് ലഭ്യമാക്കി വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ